കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചളവറ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി16-313/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി: -12.04.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചളവറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചളവറ ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചളവറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളാ സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി16-313/2019 തിയ്യതി:12.04.2019.

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1-07-2018 മുതൽ 14-01-2019. തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 13അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-01-19 മുതൽ 25-01-19 വരെ |

| | |
|---|---|
| ശ്രീ.കെ.ആർ.പ്രകാശ് ബാബു | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| ശ്രീ.കെ.പി.മുഹമ്മദ് ഫാറൂക്ക് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എ.ബി.സുരേഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.പി.വൽസല | 1-4-17 മുതൽ 31-03-18വരെ |
| സെക്രട്ടറി | സ്റ്റാലിൻ ഡബ്ല്യൂ ഗോമസ് | 1-4-17മുതൽ 31-03-18വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഷിബു.എ.ആർ | 1-4-17 മുതൽ 5-11-17വരെ |
| | ശ്രീജ.എസ് | 6-11-17 മുതൽ 31-3-18 വരെ |
| വി.ഇ.ഒ | മായ കെ.വി | 1-4-17 മുതൽ 12-6-17 വരെ |
| | വിജയൻ കെ.ജെ | 13-6-17 മുതൽ 31-3-18 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | മീര എ.വി | 1-4-17 മുതൽ 31-3-18 വരെ |
| അസി.എഞ്ചിനീയർ | ശോഭ.പി.വി | 1-4-17 മുതൽ 28-5-17 വരെ |
| | ജ്യോത്സ്ന വി.എസ് | 29-5-17 മുതൽ 12-6-17 വരെ |
| | ദീപക് എസ്.ആർ | 13-6-17 മുതൽ 10-10-17 വരെ |
| | കിമി ബോസ് | 11-10-17 മുതൽ 17-11-17വരെ |
| | സിജി ജോസ് | 18-11-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ PHC | ഡോ.ധനീഷ് പി.പി | 1-4-17 മുതൽ 31-3-18വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അഞ്ജലി ടി.നായർ | 1-4-17 മുതൽ 18-7-17വരെ |
| | ഡോ.സെമീർ ബാബു | 19-7-17 മുതൽ 31-3-18 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ട്വിങ്കിൾ സുരേന്ദ് | 1-4-17 മുതൽ 31-3-18വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ലേഖ ഗ്രിഗോറിയസ് | 1-4-17 മുതൽ11-06-17 വരെ |
| | ഡോ.സുജിത് എം.എസ് | 12-06-17 മുതൽ 31-3-18 വരെ |
| അസി.സെക്രട്ടറി | നാരായണൻ കെ | 1-4-17 മുതൽ 4-7-17വരെ |
| | പ്രദീഷ് വി.വി | 5-7-17 മുതൽ 31-3-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.ടി.കെ.പ്രസന്ന | 1-4-17 മുതൽ 31-3-18 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30-3-17തീയതിയിലെ തീരുമാനം നം.1പ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 27-3-18തീയതിയിലെ തീരുമാനം നം.1പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-3-17 | 15-5-18 | ---- | ----- |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 08-07-18 | നം.കെ.എസ്.എ-പികെഡി.21/1904(44)/2018 തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 9033687 |
| വരവ് | 57683773 |
| ആകെ | 66717460 |
| ചെലവ് | 55270652 |
| നീക്കിയിരിപ്പ് | 11446808 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 10997000 | 10997000 | 9056029 | 1940971 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 12050637 | 12050637 | 9805260 | 2245377 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 36000 | 36000 | 0 | 36000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13468000 | 13468000 | 10828307 | 2639693 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2884000 | 2884000 | 2574646 | 309354 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5164371 | 5164371 | 2918994 | 2245377 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 1779078 | 1779078 | 1582851 | 196227 |
| സാക്ഷരത | | 4 | 205 | 209 | 0 | 209 |
| ദുരിതാശ്വാസനിധി | | 81383 | 19938 | 101321 | 5000 | 96321 |
| MGNREGS | തൊഴിലാളികളുടെ കൂലി | 0 | 8106625 | 8106625 | 8106625 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 0 | 1064128 | 1064128 | 1064073 | 55 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 3144500 | 3144500 | 1107500 | 2037000 |
| | ജില്ലാ പഞ്ചായത്ത് | 537500 | 50000 | 587500 | 536787 | 50713 |
| ബി ഫണ്ട് | | 0 | 626640 | 626640 | 626640 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 3991581 | 7654000 | 11645581 | 7039305 | 4606276 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1528499 | 8354868 | 9883367 | 8045552 | 1837815 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 204 | 73027969 | 126 | 39122490 | nil | 78 | 61.76 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 2 | 1 | 5140000 | 3407876 | 66.3 |
| വി.ഇ.ഒ | 10 | 5 | 5666945 | 3176945 | 56 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 4985289 | 3925732 | 78.74 |
| സെക്രട്ടറി | 21 | 17 | 7040763 | 3664211 | 52 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 150 | 83 | 37836322 | 17524700 | 46.3 |
| മെഡിക്കൽ ഓഫീസർ-PHC | 3 | 3 | 832200 | 831652 | 99.9 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 100000 | 100000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | 345300 | 345294 | 99.99 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 450000 | 75 |
| അസി.സെക്രട്ടറി | 6 | 5 | 8491150 | 4376080 | 51.5 |
| വെറ്ററിനറി സർജ്ജൻ | 3 | 3 | 1090000 | 420000 | 38.5 |
| ആകെ | 204 | 126 | 73027969 | 39122490 | 53.5 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 1064128 | 1064128 | 1064073 | 55 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 8106625 | 8106625 | 8106625 | 0 |
| മെറ്റീരിയൽ ചെലവ് | 0 | 264007 | 264007 | 264007 | 0 |
| ആകെ | 0 | 9434760 | 9434760 | 10434705 | 55 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 26640 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 4574900 | 368 |
| വിധവാപെൻഷൻ | 12261400 | 1012 |
| വാർദ്ധക്യകാലപെൻഷൻ | 18820700 | 1410 |
| വികലാംഗപെൻഷൻ | 3016000 | 269 |
| 50വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള വിവാഹധനസഹായം | 1551800 | 129 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 450000 | 15 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-1-2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2765.00 രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ അപാകതകൾ

1. പഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല.

2. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെയും, ചട്ടത്തിൽ നിഷ്കർഷിക്കുന്ന ഡിപ്രീസിയേഷൻ നൽകിയും ചേർത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല.

3. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ് , മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല.

4. സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ മൂല്യം രേഖപ്പെടുത്തി സെക്രട്ടറി ഒപ്പു വെച്ച് ആധികാരികമാക്കുന്നില്ല.

5. നിർവ്വഹണോദ്യോഗസ്ഥരിൽ പലരും പ്രോജക്ട് ഫയലുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. പല പ്രോജക്ട് ഫയലുകളിലും അവശ്യം വേണ്ട സാക്ഷ്യപത്രങ്ങൾ സൂക്ഷിച്ചിട്ടില്ല.

6. പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ചു ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പു വരുത്തുന്നില്ല.

7. ജിവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്ററർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

8. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ടെങ്കിലും, ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക്ക് സംവിധാനം ഒരുക്കിയിട്ടില്ല.

9. 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരം ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും വരവ്-ചെലവുകൾ ഒന്നുമില്ലാതെ നിർജ്ജീവമാണ്.

10. ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ലഭിക്കേണ്ട, ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ

ലഭിച്ചിട്ടുണ്ടെങ്കിലും ആയത് മുനിസിപ്പൽ ഫണ്ടിലേക്ക് ക്രഡിറ്റ് ചെയ്യാൻ വേണ്ട നടപടിസ്വീകരിച്ചിട്ടില്ല,

11. ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ടെങ്കിലും, സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ, പദ്ധതിച്ചെലവുകൾ, ദൈനംദിന പ്രവർത്തനങ്ങൾ എന്നിവയുടെ വിലയിരുത്തൽ നടത്തുന്നില്ല. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. (ഗ്രാമ സഭ മിനിറ്റ്സ് ബുക്കുകൾ പലതിലും വാർഡ് മെമ്പർ, ഗ്രാമ സഭ കോ ഓർഡിനേറ്റർ എന്നിവർ ഒപ്പിട്ട് ക്ളോസ് ചെയ്യുന്നില്ല). എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പാസ്സാക്കിയ പല പ്രമേയങ്ങളും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല

13.മോണിറ്ററിംങ് സംവിധാനം നിലവിലില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശക്തപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12-12-2018 | 11/2018 | 18-12-2018<br>PAU6/PAT2/CHLV/ 11-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22-7-2009 മുതൽ 3-8-2009 വരെ | 2004-05 മുതൽ 2008-09 വരെ | LBA(HQ)/iv /8A-1451/179 തി.26-8-2009 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

പ്രത്യേക പരാമർശമില്ല

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നിർദേശങ്ങളും, സമയക്രമങ്ങളും പാലിക്കേണ്ടതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 214 അനുശാസിക്കുന്ന ബജറ്റ് തയ്യാറാക്കലും അനുമതി നൽകലും എന്ന ചട്ടപ്രകാരവും, കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള നിർദേശങ്ങളും, സമയക്രമങ്ങളും ചളവറ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ല.

1. 2017-18 ബജറ്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഫയൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും റിവൈസ്ഡ് ബഡ്ജറ്റിനുള്ള നിർദ്ദേശങ്ങളും ബജറ്റ് വർഷത്തേക്കുള്ള നിർദ്ദേശങ്ങളും സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 ന മുന്പ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല.
2. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല.
3. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ, ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിരേഖ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ചുള്ള ഉപ മേഖലാതല വകയിരുത്തൽ എന്നിവ ക്രോഡീകരിച്ച് മാർച്ച് ഒന്നിന് മുമ്പ് കരട് ബജറ്റ് തയ്യാറാക്കിയതായി

കാണുന്നില്ല.

5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.

ചളവറ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിച്ചതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവതരിപ്പിച്ചത് 30.03.2017 തിയതിയിലാണ്. ബജറ്റ് ഭരണസമിതിയുടെ തീരുമാനം നം.1 തിയതി 30.03.2017 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ലാത്തതിനാലും, നിശ്ചിത സമയക്രമത്തിൻ പ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് രൂപീകരിച്ചിട്ടുള്ളത് നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവയുടെ അഭാവത്തിലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കേരളാ പഞ്ചായത്ത് രാജ് ആക്ടിലെയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ, സമയക്രമം എന്നിവ ബഡ്ജറ്റ് രൂപീകരണത്തിൽ പാലിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാത്തത് വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും ഇടയാക്കും എന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ വർഷങ്ങളിൽ ബജറ്റ് രൂപീകരണം സംബന്ധിച്ച് എല്ലാ നിർദ്ദേശങ്ങളും പാലിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 4/21.01.2019)

## **2-2** <u>കെട്ടിടങ്ങളുടെ ഉപയോഗക്രമം രേഖപ്പെടുത്തലിലെ അപാകത- നികുതി നഷ്ടം ഉണ്ടാക്കുന്നു.</u>

<u>1) കെട്ടിടങ്ങളുടെ ഉപയോഗക്രമം രേഖപ്പെടുത്തലിലെ അപാകത- നികുതി നഷ്ടം ഉണ്ടാക്കുന്നു.</u>

വസ്തു നികുതി നിർണ്ണയ രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ വസ്തുനികുതി നിർണ്ണയ രജിസ്റ്ററിൽ (സഞ്ചയ സോഫ്റ്റ്‌വെയറിലെ ഫോറം-6) വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ളതിനാൽ പഞ്ചായത്തിന് നികുതിനഷ്ടം ഉണ്ടായിട്ടുണ്ട് എന്ന്

കണ്ടെത്തി. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വിവിധ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ നികുതി നിർണ്ണയരജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത് അവയുടെ ഉപയോഗക്രമം തെറ്റായിട്ടാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 100 ച.മീറ്ററിൽ താഴെ വിസ്തീർണ്ണമുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി ഒരു ച.മീറ്ററിന് 45 രൂപ എന്ന നിരക്കിലാണ് വസ്തു നികുതി ഈടാക്കി വരുന്നത്. യഥാർത്ഥത്തിൽ 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ളവയുടെ ഗണത്തിൽ ഉൾപ്പെടുത്തി ച. മീറ്ററിന് 55 രൂപ നിരക്കിലാണ് വസ്തു നികുതി ഈടാക്കേണ്ടിയിരുന്നത്. നിയമപ്രകാരമല്ലാതെ നികുതി നിർണ്ണയിച്ചതുവഴി 2017-18 വർഷത്തിൽ മാത്രം 3478/- രൂപ നഷ്ടം വന്നിട്ടുള്ളതായി കാണുന്നു.

യഥാർത്ഥ ഉപയോഗ ക്രമത്തിനുള്ള വസ്തുനികുതി നിരക്ക് നിലവിൽ വന്നതിനു ശേഷം പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ വർഷം തോറും ഉണ്ടായിക്കൊണ്ടിരിക്കുന്ന ഏറ്റവും കുറഞ്ഞ വരുമാന ചോർച്ച പ്രസ്തുത കെട്ടിടത്തിന്റെ ഫോറം 6 – ലെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ളത് താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | 7/571 | 11/247 | 13/405 |
|---|---|---|---|
| ആകെ തറ വിസ്തീർണ്ണം | 115.56 ച.മീ | 134 ച.മീ | 145.796 ച.മീ |
| വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ -നിശ്ചയിച്ചിട്ടുള്ള നിരക്ക് | 1 ച.മീറ്ററിന് 55 രൂപ | | |
| കെട്ടിടത്തിന് നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി | 6355.8രൂപ | 7370രൂപ | 8018.78 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് | 1906.74രൂപ (30%) | ഇല്ല | ഇല്ല |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് | 635.58 രൂപ (10%) | 1474രൂപ (20%) | 2405.634 രൂപ (30%) |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 7627 രൂപ | 5896രൂപ | 5613.14 രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി | 6241 രൂപ | 4824രൂപ | 4593 രൂപ |
| വരുമാന നഷ്ടം ( വാർഷികം) | 1386 രൂപ | 1072രൂപ | 1020 രൂപ |

| | |
|---|---|
| ആകെ വരുമാന നഷ്ടം (വാർഷികം) | 3478 രൂപ |

2) വസ്തു നികുതി നിർണ്ണയത്തിലെ അപാകത- നികുതി നഷ്ടം ഉണ്ടാക്കുന്നു

വിശ്വനാഥൻ. പി. മുതൽപേർ, പൊന്നത്തൊടി, മുണ്ടക്കോട്ടുകുറിശ്ശി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 49.04 ച.മീറ്റർ ആകെ തറ വിസ്തീർണ്ണമുള്ള 15/455-എ എന്ന കെട്ടിടത്തെ വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്( നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് - 1 ച.മീറ്ററിന് 15 രൂപ ). യഥാർത്ഥത്തിൽ വെൽഡിങ്ങ് വർക്ക്ഷോപ്പ് ആയതിനാൽ ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. ( നിശ്ചയിച്ചിട്ടുള്ള നികുതി നിരക്ക് - 1 ച.മീറ്ററിന് 55 രൂപ ). നികുതി നിർണ്ണയത്തിലെ അപാകത മൂലം പഞ്ചായത്തിനുണ്ടാവുന്ന നഷ്ടം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ തറ വിസ്തീർണ്ണം | 49.04 ച.മീ |
| നിശ്ചയിക്കാവുന്ന അടിസ്ഥാന വസ്തുനികുതി | 2697.2രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള വർദ്ധനവ് (20%) | 539.44 രൂപ |
| വസ്തുനികുതിയിൽ നൽകിയിട്ടുള്ള ഇളവ് (10%) | 269.72 രൂപ |
| നിശ്ചയിക്കാവുന്ന വാർഷിക വസ്തുനികുതി | 2966.92രൂപ |
| ഈടാക്കിവരുന്ന വാർഷിക വസ്തുനികുതി | 810 രൂപ |
| നികുതി നഷ്ടം ( 2017 രണ്ടാം അർദ്ധവർഷം) | 1078.46രൂപ |

വസ്തു നികുതി ഇനത്തിലെ ആകെ നഷ്ടത്തുക 4556/- രൂപ ലൈബ്രറി സെസ്സ് ഉൾപ്പടെ കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി പുനർ നിർണ്ണയിക്കേണ്ടതും നിയമാനുസൃത നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളുടെയും ഫോം 6 വിവരങ്ങൾ പരിശോധിക്കേണ്ടതും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളുടെ പ്യൂരിഫിക്കേഷൻ പൂർത്തീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കെട്ടിടങ്ങളെ യഥാർത്ഥ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തു നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ

ഉപയോഗക്രമത്തിൽ മാറ്റം വരുത്തിയതിനു ശേഷമുള്ള ഫോറം-6 (സഞ്ജയ സോഫ്റ്റ് വെയറിൽ നിന്നുള്ളത്) ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-3 ലൈസൻസ് ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതികൾ പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്റ്റിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പു കൂട്ടി വായിച്ചതും 2017- ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ ബ്രാക്കറ്റിലുള്ള പേര് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കി പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കുകയും ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചളവറ ഗ്രാമപഞ്ചായത്തിലെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് പിരിക്കുന്നതിന് നാളിതുവരെ നടപടികൾ

സ്വീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഭേദഗതി ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ മറുപടി തൃപ്തികരമല്ല.

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 4/21.1.2019).

## **2-4** വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്.

## 2-5 തനത് ഫണ്ട് കറണ്ട് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് സംബന്ധിച്ച്.

പഞ്ചായത്തിന്റെ തനത് ഫണ്ട് വരുമാനം നിക്ഷേപിക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ചെർപ്പുളശ്ശേരി ബ്രാഞ്ചിൽ ഒരു അക്കൗണ്ട് നിലവിലുണ്ട്. അക്കൗണ്ട് നമ്പർ 67385582403 (കറണ്ട് അക്കൗണ്ട്). പഞ്ചായത്ത് ഫണ്ട് കറണ്ട് അക്കൗണ്ട് ആയതിനാൽ നിക്ഷേപിക്കുന്ന തുകയ്ക്ക് പലിശ ലഭ്യമാകാത്ത സാഹചര്യം നിലവിലുണ്ട്. നാഷണലൈസ്ഡ് ബാങ്കിലെ എസ്. ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് പകരം പലിശ രഹിത കറണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള സാഹചര്യം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബാങ്ക് ഉത്തരവ് പ്രകാരമാണ് എന്ന് മറുപടി ലഭ്യമാക്കുകയുണ്ടായി. തനത് വരുമാനം നിക്ഷേപിക്കുന്നതിനുള്ള ബാങ്ക് അക്കൗണ്ട് സേവിംഗ്സ് അക്കൗണ്ട് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 2/16.1.2019)

## 2-6 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം. 37305526036,ഒറ്റപ്പാലം) 11.06.2018 ന് 152130/-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില 11.06.2018ന് അസി.എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ളതാണ്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾസ്വീകരിക്കേണ്ടതാണ്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2017 – 18 സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത പ്രവർത്തികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട് നം | പ്രവർത്തി | അടങ്കൽ | നിരത ദ്രവ്യം | ടെണ്ടർ ഫോറം വില (ജി.എസ്.ടി ഉൾപ്പടെ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 153/18 | പഴയവില്ലേജ്-വേമ്പലത്ത് പാടം റോഡ് | 1000000 | 25000 | 2500 |
| 2 | 105/18 | വനിതാ കാന്റീൻ നിർമ്മാണം | 817500 | 20500 | 3808 |
| 3 | 236/18 | കരിമ്പനത്തോട്ടം-പാലാട്ടുപടി അംഗൻ വാടി നിർമ്മാണം | 1010000 | 25300 | 5600 |
| 4 | 145/18 | കുണ്ടിൽ റോഡ് പാർശ്വ ഭിത്തി നിർമ്മാണം | 500000 | 12500 | 5600 |
| 5 | 123/18 | മൈലാടി-മാത്രുപ്പറമ്പ് റോഡ് കോൺക്രീറ്റ് | 500000 | 12500 | 8960 |
| 6 | 159/18 | കട്ടിലപ്പാടം റോഡ് മെറ്റലിംങ്,ടാറിംങ് | 672000 | 16800 | 3136 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങി, മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

1) ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെ മരുന്നുകൾ വാങ്ങിയിരിക്കുന്നു.

ഗവൺമെന്റ് ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ച നടപ്പാക്കിയ പ്രോജക്ടിന്റെയും അനുബന്ധ രേഖകളുടെയും പരിശോധനയിൽ ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ലാതെയാണ് പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ (രജി. നം. 82/95, ഈസ്റ്റ് കതിരൂർ, തലശ്ശേരി, കണ്ണൂർ) നിന്നും വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ആയത് പദ്ധതി മാർഗ്ഗരേഖാ ലംഘനമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം : 93/17-18

പ്രോജക്ടിന്റെ പേര് : ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ 2017-18

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ആയുർവേദം)

അടങ്കൽ : 10,00,000

ചെലവ് : 10,00,000

ബിൽ തുക, നം. തിയ്യതി : 1) 8,00,000 രൂപ, 1 / 18.12.18

2) 2,00,000 രൂപ, 2/24.01.18

മരുന്നുകൾ വാങ്ങുമ്പോൾ ജില്ലാ ആയുർവേദ മെഡിക്കൽ ഓഫീസിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

2) മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല

പാടൃം സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ നിന്നും ലഭിച്ച മരുന്നുകൾ പൂർണ്ണമായും സ്റ്റോക്കിലെടുത്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ബിൽ തുക, നം. തിയ്യതി : 1) 8,00,000 രൂപ, 1 / 18.12.18

ലഭ്യമായ മരുന്നുകളിൽ സ്റ്റോക്കിൽ എടുക്കാത്ത മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തിയ്യതി | മരുന്നിന്റെ പേര് | ഇൻവോയ്സ് പ്രകാരം സ്റ്റോക്കിലെ ടുക്കേണ്ട എണ്ണം | സ്റ്റോക്കിൽ എടുക്കാത്ത മരുന്നുകളുടെ മൂല്യം |
|---|---|---|---|---|
| 1 | 149/17.02.18 | യോഗരാജഗുൽഗുലു ഗുളിക 100 Nos | 50 | 50 x 130 = 6500 രൂപ |

സ്റ്റോക്കിലെടുക്കാത്ത ത്ത മരുന്നുകളുടെ മൂല്യത്തുക 6500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലാത്തവയെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും. ലഭ്യമാക്കി ആയതിന്റെ ബില്ലുകൾ, സ്റ്റോക്കിലെടുത്തതിന്റെ വിവരം എന്നിവ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 5/21.1.2019)

## 3-2 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്)

ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ/ തീരുമാനം/ സെലക്ഷൻ നോട്ടീസ് നൽകിയത് | എഗ്രിമെന്റ് തീയതി/ കരാറുകാരൻ | ഈടാക്കേണ്ടിയിരുന്ന പിഴ (1%) |
|---|---|---|---|---|
| 1. | CPRLPS റോഡ്- മാങ്ങാട് റോഡ് മെറ്റലിംങ്, ടാറിംങ് (പ്രോജ.നം.51/18)<br>അടങ്കൽ-250000/-<br>ബിൽനം.32/14-2-18 തുക-173015/- | 25-01-17 ലെ 1-നമ്പർ തീരുമാനം | 59/16-17 തി.03-03-17<br>ശ്രീ.വി.രാജേഷ് | 2500/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.10/23-01-2019) മറുപടിയിൽ ടി.തുക കരാറുകാരനിൽ നിന്നും തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി.എഞ്ചിനീയർ അറിയിച്ചു.തുക അടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 3-3 മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ് സംബന്ധിച്ച്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

- ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പൂർണ്ണമല്ല. എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി പൂർണ്ണമായും ചേർത്തിട്ടില്ല.
- ഇ- ടെണ്ടർ പ്രവൃത്തികളിൽ ഇ- ടെണ്ടറിന്റെ മുഴുവൻ വിവരങ്ങളും കൃത്യമായി

ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

- എല്ലാ പ്രവൃത്തികളുടെയും പൂർത്തീകരണ സാക്ഷ്യപത്രം , മോണിറ്ററിംഗ് സമിതി റിപ്പോർട്ട് എന്നിവ ഇല്ല.
- 2/2012 ലെ പുതുക്കിയ മരാമത്തു മാന്വലിനനുസൃതമായ വ്യവസ്ഥകൾ എഗ്രിമെന്റുകളിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
- പ്രൊജക്റ്റുകളുടെ എസ്റ്റിമേറ്റിൽ പദ്ധതി സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുന്ന ബോർഡ് വെയ്ക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.
- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി പഞ്ചായത്തിൽ മെയിന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. റോഡ് റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.
- ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ പഞ്ചായത്തിൽ റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവർത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.
- സെക്രട്ടറി വാങ്ങി അസി.എഞ്ചിനീയർക്ക് കൈമാറിയിട്ടുള്ള ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കരാറുകാർക്ക് വിതരണം ചെയ്ത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്. പദ്ധതി മാർഗ്ഗരേഖ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ ചർച്ചകൾ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണ്.

## 3-4 പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരും മരാമത്ത് പണികളുടെ നടത്തിപ്പിനായി ഉണ്ടാക്കുന്ന കരാർ ഉടമ്പടി ഖണ്ഡിക 28 പ്രകാരം പ്രൊജക്റ്റിന്റെ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമാക്കേണ്ടതുണ്ട്. എന്നാൽ ചളവറ ഗ്രാമപഞ്ചായത്തിൽ ഇങ്ങനെ ചെയ്യുന്നില്ല. എന്നാൽ TSനും ടെണ്ടർ നടപടികൾക്കും ശേഷം കരാറുകാരനുമായി കരാറിൽ ഏർപ്പെടുമ്പോൾ പ്രവൃത്തി ആരംഭിക്കേണ്ടതിന്റെയും പൂർത്തീകരിക്കേണ്ടതിന്റെയും തീയതികൾ ഉൾപ്പെടെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം കരാറിന്റെ

ഭാഗമല്ലാത്തപ്പോൾ പ്രവൃത്തി പൂർത്തീകരണം വൈകുന്നതിന് കാരണമാകുന്നു. പൂർത്തീകരണം വൈകിയതിൻമേൽ നടപടി എടുക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ട് നേരിടുകയും ചെയ്യുന്നു. ആയതിനാൽ പ്രവർത്തന കലണ്ടർ കരാറിന്റെ ഭാഗമായി അനുബന്ധമായി ചേർക്കേണ്ടതാണ്.

## 3-5 കാർഷിക രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല.

ഉൽപാദന രംഗത്ത് വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കപ്പെടുന്നില്ല.

ജൈവ വൈവിധ്യം കൊണ്ടും, പ്രകൃതി സൗന്ദര്യം കൊണ്ടും അനുഗ്രഹീതമായ, ഉൾ നാടൻ ഗ്രാമമായ ചളവറ ഗ്രാമ പഞ്ചായത്തിൽ - കാർഷിക – മൃഗ സംരക്ഷണ മേഖലകളിൽ വൈവിധ്യമാർന്ന പ്രൊജക്ടുകൾ നടപ്പിലാക്കാനനുകൂലമായ സാഹചര്യങ്ങൾ നിലവിലുണ്ട്. വ്യവസായ – വാണിജ്യ – സേവന രംഗങ്ങളിൽ പറയത്തക്ക വളർച്ചയൊന്നും നേടാത്ത ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം കൃഷിയും അനുബന്ധ മേഖലകളുമാണ് പ്രധാന സാമ്പത്തിക സ്രോതസ്സ്.

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വിവിധ വിളകൾ കൃഷി ചെയ്യുന്നതിനാവശ്യമായ സാഹചര്യങ്ങൾ നിലവിലുള്ളതായി കാണുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂപ്രകൃതി, കാലാവസ്ഥ, ജല ലഭ്യത മണ്ണിന്റെ സ്വഭാവം ഉൽപാദന ക്ഷമത എന്നിവ പരമാവധി ഉപയോഗപ്പെടുത്തി അനുയോജ്യമായ കാർഷിക രീതികൾ അവലംബിച്ച്, കാർഷിക രംഗത്ത് വൈവിധ്യവൽക്കരണത്തിനുതകുന്ന പ്രൊജക്ടുകൾ നടപ്പിലാക്കാൻ 13-പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ( G.O (ms) 80/17 ത.സ്വ.ഭ.വ. തീയ്യതി. 3.4.19 നമ്പർ ഉത്തരവ്) നിർദേശിക്കുന്നു.

പച്ചക്കറി, പച്ചില വളം, ഭക്ഷ്യ വിളകളുടെ വിത്തുകൾ, പച്ചക്കറി തൈകൾ, കിഴങ്ങു വർഗ്ഗങ്ങൾ വാഴ , കുരുമുളക് തൈകൾ എന്നിവ 100 % സബ്സ്ഡിയോടു കൂടി നടപ്പിലാക്കാവുന്ന പ്രൊജക്ടുകളാണ്. ഫല – പുഷ്പ ഔഷധ സസ്യങ്ങൾ, തെങ്ങ്, ജാതി തൈകൾ ടെറസിലെ പച്ചക്കറി കൃഷി എന്നിവക്ക് 75% സബ്സിഡിയും, നൽകാവുന്നതാണ്. പ്രദർശന മാതൃകാ കൃഷിത്തോട്ടങ്ങൾ, ഔഷധ സസ്യ തോട്ടങ്ങൾ, നഴ്സറികൾ, വിത്തുൽപ്പാദന കേന്ദ്രങ്ങൾ ഹരിതഭവനം എന്നീ നൂതന പ്രൊജക്ടുകളുടെ പ്രയോജനം എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കാവുന്നതാണ്.

കാർഷിക ഉൽപ്പന്നങ്ങളുൾപ്പെടെയുള്ള പ്രാദേശിക ഉൽപ്പന്നങ്ങൾക്കുള്ള വിപണന സംവിധാനമൊരുക്കുന്നതിന് 100 ശതമാനം സബ്സിഡി നൽകാവുന്നതാണെന്ന് പദ്ധതി മാർഗ്ഗ രേഖയിൽ പറഞ്ഞിട്ടുണ്ട്.

പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗങ്ങളിലെ അർഹരായ കർഷക ഗുണഭോക്താക്കളെ കണ്ടെത്തി ജല സേചനകിണർ,പമ്പ്സെറ്റ് ( ആക്സസറീസ് ഉൾപ്പെടെ) എന്നീ പദ്ധതികൾക്ക് ധനസഹായം നൽകാവുന്നതാണ്. താൽപ്പര്യമുള്ള കർഷകർക്ക് കശുമാവിൻ തൈകൾ 100ശതമാനം വിതരണം ചെയ്യാവുന്നതാണ്.

റബർ തൈകൾ വെച്ച തോട്ടങ്ങളിൽ ഇടവിളയായി പഴങ്ങളും , പച്ചക്കറികളും ഉൽപാദിപ്പിക്കൽ , മഴമറ നിർമാണം, പൂകൃഷി , തരിശു ഭൂമി/ നിലത്തിൽ പച്ചക്കറി കൃഷി എന്നീ പ്രൊജക്ടുകളും സബ്സിഡിയോടുകൂടി നടപ്പിലാക്കാൻ നിർദേശിക്കപ്പെട്ടിട്ടുള്ളവയാണ്.60 ശതമാനം സബ്സിഡി നൽകി തേനീച്ച കൃഷിയും പ്രോത്സാഹിപ്പാക്കാവുന്നതാണ്.

കാർഷിക രംഗത്ത്, മേൽ പറഞ്ഞ വിധം വൈവിധ്യവൽക്കരണത്തിന് ധനസഹായ സംവിധാനവും വിഭവ ലഭ്യതയും നില നിൽക്കെ , ചളവറ ഗ്രാമ പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തിൽ സമഗ്ര നെല്ലുൽപ്പാദനം എന്ന ഒരൊറ്റ പ്രൊകജ്ട് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

കാർഷിക രംഗത്തെ പരിചയ സമ്പന്നരായ വ്യക്തികളുടെ കൂട്ടായ്മ സംഘടിപ്പിച്ച്, നാട്ടറിവിന്റെ അമൂല്യമായ ശേഖരം ഉപയോഗപ്പെടുത്തി, ശാസ്ത്രീയമായ കൃഷി രീതികളിൽ വൈദഗ്ധ്യം സമ്പാദിച്ച വ്യക്തികളുടെ സഹായം ഉപയോഗപ്പെടുത്തി, മണ്ണിനെപ്പറ്റി ആഴത്തിൽ പഠിച്ച് കാലാവസ്ഥയെ തൊട്ടറിഞ്ഞ് , പ്രാദേശിക ഭൂപ്രകൃതിക്ക് അനുയോജ്യമായ കാർഷിക പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിലേക്ക് ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതുണ്ട്.

<u>മൃഗസംരക്ഷണം</u>

മൃഗ സംരക്ഷണ മേഖലയിൽ തിറ്റപ്പുൽ കൃഷിക്കുള്ളവിത്ത്, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി , കാലിത്തൊഴുത്ത് നവീകരണം, വളക്കുഴി മൂത്രത്തൊട്ടി എന്നിവയുടെ നിർമാണം, ചാണകം ജൈവവളമാക്കുന്ന യൂണിറ്റുകൾ എന്നീ വൈവിധ്യമാർന്ന പ്രൊജക്ടുകളെപ്പറ്റി ഗ്രാമ സഭകളിൽ വ്യാപകമായി പ്രചാരം നൽകി പ്രൊജക്ടുകൾ ഏറ്റെടുക്കാം. (ഗ്രൂപ്പുകൾ മുഖേന നടപ്പിലാക്കാൻ പറ്റുന്ന നൂതന പ്രൊജക്ടുകളുടെ വിശദാംശങ്ങൾ 13 – പദ്ധതി മാർഗ്ഗ നിർദേശങ്ങളിൽ പറഞ്ഞിട്ടുണ്ട്.കാര്യക്ഷമമായി മുന്നൊരുക്കങ്ങൾ നടത്തി, ഏറ്റെടുക്കുന്ന പ്രൊജക്ടുകൾക്ക് അനുയോജ്യമായ പശ്ചാത്തലമൊരുക്കി പദ്ധതി നടപ്പാക്കുന്ന പക്ഷം വിജയകരമായി പൂർത്തിയാക്കാൻ കഴിയുന്നതാണ്.

എന്നാൽ ഗ്രാമ പഞ്ചായത്ത് തൻവർഷം 3 പ്രൊജക്ടുകൾ മാത്രമാണ് നിർവഹിച്ചിട്ടുള്ളത്. നൂതനമായ പദ്ധതികളൊന്നുംതന്നെ ഇതിലുൾപ്പെട്ടിട്ടില്ല. ആയതിനാൽ വരും വർഷങ്ങളിൽ, ഈ മേഖലയിൽ ദീർഘ വീക്ഷണത്തോടെ പദ്ധതികളാവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-6 തെരുവു വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 424781/-രൂപ കെ.എസ്.ഇ.ബി കോതകുർശ്ശി ഇലക്ട്രിക്കൽ സെക്ഷനിൽ അടച്ചിട്ടുണ്ട്. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് സർക്കാർ നിർദ്ദേശിച്ചുണ്ട് . (ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി ) ഗ്രാമ പഞ്ചായത്തും കെ.എസ്.ഇ.ബി.യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരം സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച് 23.1.2019 ന് നൽകിയ 7- ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല.

ആയതിനാൽ മേൽ പറഞ്ഞ ഉത്തരവിൽ നിർദേശിക്കും പ്രകാരം സംയുക്ത പരിശോധന നടത്തുകയും പ്രവർത്തനക്ഷമമായ വിളക്കുകൾ മീറ്റർ സംവിധാനത്തിന്റെ നിയന്ത്രണത്തിൽ കൊണ്ടു വരികയും അതിന്റെ അടിസ്ഥാനത്തിൽ മാത്രം വൈദ്യുതി ബിൽ ഒടുക്കുന്നതിനുള്ള സംവിധാനം സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

# 3-7 അസാധാരണച്ചെലവുകൾ- അപാകതകൾ സംബന്ധിച്ച്

2011 ലെ കേരള പഞ്ചായത്ത്‌രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്. ചട്ടത്തിലെ നിബന്ധനകൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2017-18 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ ധാരാളം തുക

അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ദൈനംദിന ചെലവായി പരിഗണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു. വൗച്ചറിനോടൊപ്പം ചെലവ് രേഖകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വൗച്ചറിൽ അസാധാരണ ചെലവ് എന്ന് രേഖപ്പെടുത്തുന്നില്ല. അസാധാരണച്ചെലവുകൾ നിർവ്വഹിക്കുന്നത് ചട്ടം അനുശാസിക്കും പ്രകാരമാണോ എന്ന് ഓഡിറ്റിൽ വിലയിരുത്തിയതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തൻവർഷം നിർവ്വഹിച്ച അസാധാരണ ചെലവിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നമ്പർ/ തിയതി | തുക | ചെലവിനം |
|---|---|---|
| 94/12.4.17 | 1700 | ശ്രീ ശ്രീജിത്ത് ITC ലീഗിൽ പങ്കെടുക്കുന്നതിന് സഹായധനം നൽകിയ തുക |
| 187/22.5.17 | 2000 | NSS പ്രൊഗ്രാമിന് നൽകിയതുക |
| 193/27.5.17 | 5000 | ICP സ്മൃതി |
| 268/23.6.17 | 1715 | ICP സ്മൃതി |
| 346/18.7.17 | 30370 | ICP സ്മൃതി |
| 292/30.6.17 | 5000 | സ്കൂൾ പ്രവേശനോത്സവം |
| 332/11.7.17 | 5000 | കുഞ്ചൻ ദിനാഘോഷം |
| 713/10.11.17 | 1000 | അന്താരാഷ്ട്ര വ്യാപാര മേള |
| 854/28.12.17 | 3000 | ഉപജില്ലാ കലോത്സവം |

അസാധാരണച്ചെലവുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. കണ്ടിജന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും എല്ലാ ചെലവുകളും രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. കൃത്യമായ നിരീക്ഷണം ഇല്ലെങ്കിൽ അനുവദനീയമായ പരിധിയിൽ കവിഞ്ഞുള്ള ചെലവിന് സാധ്യതയുണ്ട്.

മേൽപറഞ്ഞ അപാകതകളിന്മേൽ വിശദീകരണമാവശ്യപ്പെട്ട് കൊണ്ട് 24.01.2019 ന് നൽകിയ 11- നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമ പഞ്ചായത്ത് മറുപടി സമർപ്പിച്ചില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കുകയും ഈയിനത്തിലെ ചെലവ് ബന്ധപ്പെട്ട ചട്ടങ്ങളിൽ അനുശാസിക്കുന്ന പ്രകാരം തന്നെയാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ടതാണ്.

## 3-8 അംഗൻ വാടികളുടെ അടിസ്ഥാന - ഭൗതിക

## സൗകര്യങ്ങൾ വർധിപ്പിക്കാൻ സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കണം

ചളവറ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ സർവതോന്മുഖമായ വികസനത്തിനു വേണ്ടി അനുവദിച്ച കേന്ദ്ര സഹായവിഹിതത്തിൽ 434575 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. സർക്കാർ ഉത്തരവ് നം. 39033ഡി.ഡി.2/ 2010 തീയ്യതി. 3.9.2010 ൽ ഈയിനത്തിൽ അനുവദിക്കുന്ന കേന്ദ്ര വിഹിതം എന്തെല്ലാം കാര്യങ്ങൾക്ക് ഉപയോഗിക്കാമെന്നത് സംബന്ധിച്ച് വ്യക്തമായ നിർദേശം നൽകിയിട്ടുണ്ട്.

അംഗൻവാടികൾക്കാവശ്യമായ കെട്ടിടം, സ്ഥലം, വൈദ്യുതി,കുടിവെള്ളം, ഭക്ഷണസംഭരണി, പാത്രങ്ങൾ , കളിപ്പാട്ടങ്ങൾ എന്നിവയുൾപ്പെടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഈ തുക ഉപയോഗപ്പെടുത്താവുന്നതാണ്.എന്നാൽ, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അംഗൻ വാടികളിൽ ഭൂരിഭാഗടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഇങ്ങനെ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അംഗൻ വാടികളുടെ വിശദാംശങ്ങൾ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടു വരുന്നു

| | |
|---|---|
| സ്വന്തമായി കെട്ടിമില്ലാത്ത അങ്കണവാടികൾ | എണ്ണം-2<br>C.No 22-അത്താണിപ്പാറ<br>C.No 25 അമ്പലംകുന്ന്( സ്വന്തമായി സ്ഥലമുണ്ട്) |
| അനുയോദ്യമായ വിധത്തിൽ<br>വഴി സൗകര്യമില്ലാത്ത അങ്കണവാടികൾ | 6 എണ്ണം<br>(a) C.No 9 കുഞ്ചു നായർ പടി<br>(b) C. 8 ഇട്ടൂർ കുന്ന്<br>(c) C.15 ളുമ്പായ<br>(d)C. 21 പട്ടത്തിക്കുന്ന്<br>d) C.23 ചെറുവത്തൂർ കോളനി( കനാൽ സൈഡ്<br>(e) C. 26 മാമ്പറ്റപ്പടി ( പരിസരത്ത് പൊട്ടക്കിണർ ഉള്ള അപകടകരമായ വരമ്പ് വഴിയുള്ളത്) |
| വൈദ്യുതി ഇല്ലാത്തവ | 9 എണ്ണം<br>(i) C.No. 4 തൃക്കാര മണ്ണ<br>(ii) C.No 8 ഇട്ടൂർകുന്ന് |

| | |
|---|---|
| | (iii) C.No 14 പൊരുതിയിൽ മനപ്പടി ( കെട്ടിടം ശോചനീയാവസ്ഥയിലാണ്) (iv) C.No. 15 ളമ്പായ (v) C.No 16 ചാക്കുന്നത്ത് vi) C.No. 19 പാലാട്ടു പടി (vii) C.No 21പട്ടത്തിക്കുന്ന്. (viii) C.No 25 അമ്പലം കുന്ന് |
| സ്വന്തമായി കുടിവെള്ള സൗകര്യമില്ലാത്തവ | 4 എണ്ണം (1) C.No 6 വെള്ളച്ചിരിപ്പറമ്പ് (2) C.No 25 അമ്പലം കുന്ന് ( വാടകക്കെട്ടിടം) (3) C.No 22.അത്താണിപ്പാറ( വാടകക്കെട്ടിടം) (4C.No 10 കിളിഞ്ചിരിക്കുന്ന്. |
| പഴക്കമേറിയതും ശോചനീയമായ കെട്ടിടങ്ങളുള്ള അംഗൻ വാടികൾ | 3 എണ്ണം (1) C.No 1 തോട്ടത്തിൽ കുന്ന് ( 36 വർഷം പഴക്കമുള്ള കെട്ടിടം) (2) C.No 5കയില്യാട് (30 വർഷം പഴക്കം) 3) C.No 14 പൊരുതിയിൽ മനപ്പടി ( 30 വർഷം) |

മേൽ പറഞ്ഞ ന്യൂനതകൾക്കു പുറമേ, സ്റ്റോക്ക് രജിസ്റ്റർ, ഹാജർ പുസ്തകം, എന്നിവയുൾപ്പെടെയുള്ള രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കാൻ അലമാരകളില്ലാത്ത 20അംഗൻ വാടികളുണ്ട്. കുട്ടികൾ ഉപയോഗിച്ചു കൊണ്ടിരിക്കുന്ന കളിക്കോപ്പുകൾ പഴകിയതും കേടു വന്നതുമാണ്.

ഓഡിറ്റ് നിർദേശങ്ങൾ

(1) അതത് പ്രദേശങ്ങളിലെ അംഗൻവാടികളുടെ ഗുണഭോക്താക്കൾ, സന്നദ്ധപ്രവർത്തകർ, പ്രമുഖ വ്യക്തികൾ എന്നിവരുടെ കൂട്ടായമകൾ സംഘടിപ്പിക്കുകയും , ബഹുമുഖ പ്രവർത്തനങ്ങളിലൂടെ കെട്ടിട നിർമാണത്തിനാവശ്യമായ സ്ഥലം, വഴി സൗകര്യം എന്നിവ ലഭ്യമാക്കാൻ കഴിയുമോ എന്നാരായുക.

(2) അവശ്യം ലഭ്യമാക്കേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ സമഗ്രമായ ഡാറ്റ തയ്യാറാക്കുകയും വിവിധ പ്രഭവങ്ങലിൽ നിന്നും നിയമാനുസൃതം ലഭ്യമാകുന്ന ഫണ്ടുകൾ

സംഘടിപ്പിച്ച് അവ ഏകോപിപ്പിക്കുകയും , പ്രൊജക്ടുകൾ തയ്യാറാക്കി വിഭവ ലഭ്യതയുടെ അടിസ്ഥാനത്തിൽ മുൻഗണനകൾ നിശ്ചയിച്ച് സമയ ബന്ധിതമായിപൂർത്തീകരിക്കുകയും ചെയ്യുക.

(3) അംഗൻ വാടി വെൽഫെയർ കമ്മിറ്റികളെ സജീവമാക്കുകയും , അങ്കണവാടികളുടെ ദൈനംദിന കാര്യങ്ങളിൽ അവയുടെ നിരന്തരമായ മേൽ നോട്ടം ഉറപ്പ് വരുത്തുകയും ചെയ്യുക.

# 3-9 അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയില്ല

നിർവ്വഹണോദ്യോഗസ്ഥൻ-വി.ഇ.ഒ

2017-18 വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ നിർവ്വഹണത്തിനായി 2385000-പ്ലാൻ ഫണ്ട് ചെലവഴിക്കുന്നതിനായി അംഗീകരം ലഭിച്ചിട്ടും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. തൻമൂലം മറ്റ് വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫണ്ട് വകയിരുത്തി ചെലവഴിക്കാൻ ഗ്രാമപഞ്ചായത്തിന് കഴിയാതെ വരുകയും പ്ലാൻഫണ്ട് ഇനത്തിൽ 2385000/-രൂപ മുടങ്ങിക്കിടക്കുകയും ചെയ്തതായി വിലയിരുത്തുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | അടങ്കൽ |
|---|---|---|
| 1 | 68/18 ഉറവിടത്തിൽ മാലിന്യ സംസ്കരണം ( ബയോഗ്യാസ് പ്ലാന്റ്) | 945000 |
| 2 | PMAYഭവന പദ്ധതി വിഹിതം ( ജനറൽ (2016-17) | 60000 |
| 3 | PMAYഭവന പദ്ധതി വിഹിതം ( പട്ടികജാതി (2015-16) | 725000 |
| 4 | PMAYഭവന പദ്ധതി വിഹിതം ( പട്ടിക ജാതി (2016-17) | 70000 |
| 5 | PMAYഭവന പദ്ധതി വിഹിതം ( പട്ടിക ജാതി (2017-18) | 585000 |
| ആകെ | | 2385000 |

തുടർ വർഷങ്ങളിൽ പദ്ധതി പണം വകയിരുത്തി ചെലവഴിക്കുമ്പോൾ ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് അത്യാവശ്യം വേണ്ടുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് തിരിച്ചറിയുകയും ആയത് പ്രകാരം പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥരുടേയും വർക്കിംഗ് ഗ്രൂപ്പിന്റേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും ശ്രദ്ധ ഉണ്ടാവേണ്ടതാണ്. മാത്രമല്ല പദ്ധതി പണം ലാപ്സായി

പോകാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്. കൃത്യമായ മോണിറ്ററിംഗിന്റെ അഭാവവും ഉണ്ടായിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തേണ്ടതുമാണ്.
മേൽ പ്രൊജക്ടുകൾ നടപ്പാക്കാതിരുന്നതിന്റെ കാരണം വിലയിരുത്തി വ്യക്തമായ വിശദീകരണം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 3-10 വാഹന പരിപാലനം- അപാകങ്ങൾ സംബന്ധിച്ച്

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL51C-1818- നമ്പർ ജീപ്പ് ആണ്നിലവിലുള്ളത്. വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവയുടെ കാര്യക്ഷമത പരിശോധിക്കാൻ ലക്ഷ്യമിട്ടതനുസരിച്ച് വാഹനങ്ങളുമായി ബന്ധപ്പെട്ട വിവിധ രേഖകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

എ. രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ സെക്രട്ടറിയാണ്. താഴെ പറയുന്ന രജിസ്റ്ററുകളും, റെക്കോർഡുകളുമാണ് സെക്രട്ടറി സൂക്ഷിക്കേണ്ടത്.

1. ലോഗ് ബുക്ക്

2. പെട്രോൾ, ഡീസൽ ഗ്യാസ് മുതലായവയ്ക്കുള്ള ഓർഡർ ബുക്ക്

3. റിപ്പയർ രജിസ്റ്റർ

4. സ്റ്റോക്ക് രജിസ്റ്റർ

5. ഫ്യൂവൽ രജിസ്റ്റർ

പഞ്ചായത്തിലെ വാഹനത്തിന് ലോഗ് ബുക്ക് ഒഴികെയുള്ള മേൽ സൂചിപ്പിച്ച മറ്റു രജിസ്റ്ററുകളൊന്നും എഴുതി സൂക്ഷിക്കുന്നില്ല.

ലോഗ് ബുക്കിൽ ഫ്യവൽ അക്കൗണ്ട് രേഖപ്പെടുത്തുന്ന കോളത്തിൽ വർഷാരംഭത്തിൽ അളവ് രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിലെ ഡീസലടിക്കുന്നത് സെക്രട്ടറിയോ/ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഓഫീസറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ.ഉ(എം.എസ്)നം.170/07/ ത.സ്വ.ഭ.വ 30-6-2007 പ്രകാരം കസ്റ്റോഡിയൻ ഓഫീസറുടെയോ/ അദ്ദേഹം ചുമതലപ്പെടുത്തുന്ന ആഫീസറുടേയോ സാന്നിദ്ധ്യത്തിലോ വാഹനത്തിന്റെ ഇന്ധന ടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറയ്ക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഫ്യവൽ അക്കൗണ്ട് ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

ബി. റിപ്പയർ

സെക്രട്ടറിക്ക് 2000 രൂപയിൽ അധികരിക്കാത്ത മൈനർ റിപ്പയറിന് പ്രിഡന്റിന്റെ അനുമതിയോട് കൂടി നിർവ്വഹിക്കാവുന്നതാണ്. 2000 രൂപ മുതൽ 10000 രൂപ വരെയുള്ള റിപ്പയറിന് ക്വട്ടേഷൻ നടപടി കൂടാതെ സർക്കാറിന്റെ അംഗീകാരമുള്ള ഒരു വർക്ക്ഷോപ്പ് മുഖേന പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ചെയ്യാവുന്നതാണ്. എന്നാൽ സർക്കാറിന്റെ അംഗീകാരമില്ലാത്ത വർക്ക്ഷോപ്പ് മുഖേന റിപ്പയർ ചെയ്യുന്നതിന് ക്വട്ടേഷൻ നടപടി സ്വീകരിക്കേണ്ടതാണ്.

10000 രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും കമ്മിറ്റിയുടെ അംഗീകാരത്തിനു വിധേയമായി മത്സര സ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണ്.

വാഹന റിപ്പയറുമായി ബന്ധപ്പെട്ട ചെലവിനങ്ങൾ മേൽ നിബന്ധനകൾക്ക് വിധേയമായിട്ടാണോ ചെലവഴിച്ചതെന്ന് തെളിയിക്കുന്ന രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ക്വട്ടേഷൻ നടപടി കൂടാതെയാണ് 10000 രൂപയിൽ അധികരിച്ച ചെലവ് നടത്തിയിട്ടുള്ളത്.

ആറുമാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് സർക്കാരിന്റെ മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റിലെ ക്ഷമതയുള്ള ഒരു ഉദ്യോഗസ്ഥനെ കൊണ്ട് നടത്തി ഇന്ധന ഉപയോഗത്തെ സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ആ ഉദ്യോഗസ്ഥൻ ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണെന്ന മേലുത്തരവിലെ നിർദേശം പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് 24.1.2019 ന് നൽകിയ 12 -നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി സമർപ്പിച്ചില്ല. വാഹന പരിപാലനം സംബന്ധിച്ച് മുകളിൽ പറഞ്ഞ ഉത്തരവിലെ നിർദേശങ്ങൾ പാലിക്കപ്പെടുന്നു എന്ന് കസ്റ്റോഡിയൻ ഓഫീസർ ഉറപ്പു വരുത്തേണ്ടതാണ്.

## **3-11** <u>മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവൃത്തനങ്ങളുടെ വിലയിരുത്തൽ</u>

2017-18 സാമ്പത്തിക വർഷത്തിൽ മാഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ആകെ രജിസ്റ്റർ ചെയ്ത 3037 കുടുംബങ്ങൾ രജിസ്ററർ ചെയ്തതിൽ 3413തൊഴിലാളികളാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.2017-18ൽ 1539പദ്ധതികൾക്ക് അംഗീകാരം ലഭ്യമാക്കുകയും അടങ്കലായി 18848000 രൂപ വകയിരുത്തിയിട്ടുണ്ട്.104 പദ്ധതികൾ നിർവ്വഹിക്കുകയും, ആയതിൽ 86പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവയിൽ 16 പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ ആവശ്യപ്പെടുകയും, ആയതിൽ 264007/- രൂപ മെറ്റീരിയൽസിനുള്ള ചെലവുമായി ഉൾപ്പെട്ടിട്ടുമുണ്ട്. 60 കുടുബങ്ങൾക്ക് 100 തൊഴിൽ ദിനങ്ങൾ ലഭിച്ചിട്ടുണ്ട്. തൻ വർഷം 754 കുടുബങ്ങൾ തൊഴിൽ ആവശ്യപ്പെടുകയും അത്രയും കുടുബങ്ങൾക്ക് തൊഴിൽ ലഭിച്ചിട്ടുമുണ്ട്. ഓക്ടോബർ 2017ൽ സോഷ്യൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്. പരാതി

രജിസ്റ്റർ പരിപാലിക്കപ്പെടുന്നുണ്ട്. നടപ്പിലാക്കിയ പ്രവൃത്തികളുടേയും ചെലവഴിച്ച തുകകളുടേയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| പ്രവൃത്തികളുടെ പേര് | നടപ്പിലാക്കിയത് | ചെലവഴിച്ച തുക |
|---|---|---|
| മുൻവർഷ കുടിശ്ശിക | 0 | 45972 |
| റോഡ് സൈഡ് മരം വെച്ച് പിടിപ്പിക്കൽ | 1 | 2838 |
| കുളം നിർമ്മാണം | 8 | 367134 |
| കുളം നവീകരണം | 6 | 252296 |
| കിണർ നിർമ്മാണം | 5 | 52302 |
| കിണർ റിചാർജ് | 9 | 41118 |
| കോഴിക്കൂട് നിർമ്മാണം | 645 | 645 |
| ആട്ടിൻകൂട് നിർമ്മാണം | 1 | 1032 |
| നഴ്സറി നിർമ്മാണം | 1 | 25284 |
| കനാൽ നവീകരണം | 2 | 2717514 |
| കോണ്ടൂർ ബണ്ട് | 21 | 400932 |
| തോട് നവീകരണം | 9 | 1056816 |
| IAY ഭവനനിർമ്മാണം | 13 | 205368 |
| കാലിത്തൊഴുത്ത് നിർമ്മാണം | 1 | 3096 |
| ഐ.എച്ച്.എച്ച്.എൽ | 8 | 32421 |
| ലേബർ ഗ്രൂപ്പ് | 17 | 315993 |
| കമ്പോസ്റ്റ് നിർമ്മാണം | 1 | 5934 |
| ആകെ | | 8370633 |

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2017-18 | 50000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ(102/18) | 50000 | 0 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2016-17 | 50713 | സമഗ്ര നെൽകൃഷി വികസനം(49/17) | 0 | 50713 |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ(102/18) | 200000 | |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 857500 | സമഗ്ര നെൽകൃഷി വികസനം(100/18) | 857500 | |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്(80/18) | 50000 | |
| ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 2037000 | വാതക ശ്മശാനം-അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കൽ(234/18) | 0 | 2037000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|

| | | നം. | തുക | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ലൈൻവലിക്കൽ (209/18) | NEFT | 526000 | 526000 | 0 |
| കെ.എസ്.ഇ.ബി | പൊതുശ്മശാന സ്ഥലത്തേക്ക് ത്രീഫേസ് ഇലക്ട്രിക് ലൈൻ വലിക്കൽ(233/18) | NEFT | 322000 | 322000 | 0 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | GO(P)No.1000 /2010 തി.24.3.2010 | 1187500 | 527775 | 131945 | 0 | 395830 |

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച തുകയുടെയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒട്ടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2015-16 | 3(4) | 9600 | മിനി,മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 117090400001/3.4.17 |
| 2015-16 | 3(1) | 2000 | അനുഷ.ആർ, അസി. എഞ്ചിനീയർ | 117090100894/7.6.17 |
| 2014-15 | 3(1) | 675 | ഉഷാദേവി, ICDS സൂപ്പർവൈസർ | 117090104040/30.11.17 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 4-1 | 2015-16 | 4.1.1 | തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ പുതിയ അക്കൗണ്ടിംങ് സമ്പ്രദായം സംബന്ധിച്ച അവലോകനം | 20-6-2017ന് മറുപടി സമർപ്പിച്ചിട്ടുണ്ട് |

# 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഈ ഇനത്തിൽ തുകയൊന്നും അടവാക്കിയിട്ടില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57683773 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 55270652 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 55270652 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6500 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 2500 | ശ്രീമതി.മഞ്ജു.കെ.ആർ അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6500 | ഡോ.സമീർ ബാബു, മെഡിക്കൽ ഓഫീസർ,ആയുർവേദം |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.മഞ്ജു.കെ.ആർ<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, തൃക്കടീരി ഗ്രാമ പഞ്ചായത്ത് | മാടത്താണിയിൽ വീട്, തൃക്കളത്തൂർ, എറണാകുളം-683 587 |

ഡെപ്യൂട്ടി ഡയറക്ടർ.

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | 408/12/17.02.2012 | 3 |

| | | |
|---|---|---|
| 1997-98 | 408/12/17.02.2012 | 7 |
| 1998-99 | 408/12/17.02.2012 | 8 |
| 1999-00 | 408/12/17.02.2012 | 5 |
| 2000-01 | 408/12/17.02.2012 | 14 |
| 2001-02 | 408/12/17.02.2012 | 9 |
| 2002-03 | 408/12/17.02.2012 | 6 |
| 2003-04 | LFP 14/1753/08/24.10.2009 | 11 |
| 2004-05 | LFP 14/1643/11/29.09.11 | 8 |
| 2005-06 | LFP 14/1643/11/29.09.11 | 6 |
| 2006-07 | LFP 14/58/2009/26.03.09 | 13 |
| 2007-08 | LFP16 /2024/12/16.07.13 | 7 |
| 2008-09 | LFP16/612/12/16.08.13 | 10 |
| 2009-10 | LFP16/1298/13/05.02.14 | 12 |
| 2010-11 | LFP16/1298/13/05.02.14 | 13 |
| 2011-12 | LFP16/1275/14/07.10.14 | 12 |
| 2012-13<br>2013-14<br>2014-15 | KSA-PKD-P16/1236/16/<br>20.07.16 | 19 |
| 2015-16 | KSA PKD-16-1885/16/5-10-16 | 14 |
| 2016-17 | KSA PKD-16/1652/2017 dt.25-08-17 | 30 |

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/

2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചളവറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുക "കാലാവധി കഴിഞ്ഞ ചെക്കുകൾ (Liability in respect of stale cheque)"എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
2. വസ്തു നികുതി DCB രജിസ്റ്ററിലെ വരവ്, രസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (ഷെഡ്യൂൾ RP-43) ഇവ പൊരുത്തപ്പെടുന്നില്ല.
3. കുടിശിക DCB രജിസ്റ്റർ (വസ്തു നികുതി) പ്രകാരം 2017-18ലെ ഡിമാന്റിൽ വാർഷിക കണക്കുമായി ₹109,620/- വ്യത്യാസം കാണുന്നു.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. Contribution for Joint Venture Project (VP&BP) എന്ന ഇനത്തിന്റെ ACR ഹാജരാക്കിയിട്ടില്ല.
6. Stock Registerലെ തുകകൾ B-14ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

## ഓഡിറ്റ് ചെയ്ത വരവ്-ചെലവ്-കുടിശ്ശിക പത്രികകൾ

1) INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | | No | |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3092766.00 |
| 140000000 | Fee & User Charges | I-4(b) | 1348633.00 |
| 150000000 | Sale & Hire Charges | I-5(b) | 266476.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 95824160.00 |
| 170000000 | Income from Investments | I-7 | 73265.00 |
| 171000000 | Interest Earned | I-8 | 114438.00 |
| 180000000 | Other Income | I-9 | 143219.00 |
| | Total Income | | 100862957.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8949893.00 |
| 220000000 | Administrative Expenses | I-11(b) | 1280041.00 |
| 230000000 | Operations & Maintenance | I-12(b) | 1442162.00 |
| 240000000 | Interest & Finance Charges | I-13 | 2063208.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 7303042.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 18384555.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 4479260.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 57638.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 40851440.00 |
| 255000000 | Maintenance Projects | I-14(e) | 6592018.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 214500.00 |
| 272000000 | Depreciation | I-17(a) | 8510930.00 |
| | Total Expenditure | | 100128687.00 |
| | Gross Surplus/ Deficit of income over Expenditure | | 734270.00 |
| 280000000 | Prior Period Item | I-18 | 317581.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 416689.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

2) **RECEIPT & PAYMENT STATMEN**

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 9004223.00 |
| Cash | Cash | RP-40(a) | 29464.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 868630.00 |
| 140000000 | Fees & User Charges | RP-4 | 1501678.00 |
| 150000000 | Sale & Hire Charges | RP-5 | 266476.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 42659458.00 |
| 171000000 | Interest Earned | RP-9 | 114438.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 5913195.00 |
| 350000000 | Other Liabilities | RP-36 | 2740361.00 |
| | Non Operating | | |
| 170000000 | Income from Investments | RP-8 | 73265.00 |
| 180000000 | Other Income | RP-10 | 143219.00 |
| 311000000 | Earmarked Funds | RP-29 | 56010.00 |
| 340000000 | Deposits Received | RP-34 | 44020.00 |
| 350000000 | Other Liabilities | RP-36 | 169928.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2646801.00 |
| 460000000 | Loans, Advances and Deposits | RP-47 | 486294.00 |
| | Grand total | | 66717460.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3550278.00 |
| 220000000 | Administrative Expenses | RP-12 | 1280041.00 |
| 230000000 | Operations & Maintenance | RP-13 | 1442162.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 4110876.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13420339.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 4479260.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 57638.00 |

| | | | |
|---|---|---|---|
| 254000000 | Expenditures of Transferred institutions and State Sponsored schemes | RP-19 | 626640.00 |
| 255000000 | Maintenance Projects | RP-20 | 6592018.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 214500.00 |
| 280000000 | Prior Period item | RP-26 | 95713.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 979061.00 |
| 350000000 | Other Liabilities | RP-36 | 5495829.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2063208.00 |
| 280000000 | Prior Period Item | RP-26 | -1500.00 |
| 330000000 | Secured Loans | RP-32 | 131945.00 |
| 340000000 | Deposits Received | RP-34 | 21700.00 |
| 350000000 | Other Liabilities | RP-36 | 1734163.00 |
| 410000000 | Fixed Assets | RP-38 | 2454048.00 |
| 412000000 | Capital work in Progress | RP-40 | 5933150.00 |
| 420000000 | Investments | RP-41 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 589583.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 11431580.00 |
| Cash | Cash | RP-40(b) | 15228.00 |
| | Grand Total | | 66717460.00 |

3) **BALANCE SHEET For the period from 01-April-2017 to 31-March-2018**

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 14725734.48 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 627786.00 |

| | | | |
|---|---|---|---|
| 312000000 | Reserves | B-3 | 41651919.00 |
| | Total Reserve & Surplus | | 57005439.48 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3767096.00 |
| | Total Grants, Contributions for Specific Purposes | | 3767096.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 395830.00 |
| | Total Loans | | 395830.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 114996.00 |
| 350000000 | Other Liabilities | B-9 | 2476038.51 |
| | Total Current Liabilities and Provisions | | 2591034.51 |
| | TOTAL LIABILITIES | | 63759399.99 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 58874455.00 |
| 411000000 | Accumulated Depreciation | B-11 | -8642795.00 |
| 412000000 | Capital Work in Progress | B-11(a) | 1373063.00 |
| | Total Fixed Assets | | 51604723.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 12607.99 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 527775.00 |
| 450000000 | Cash and Bank Balance | B-17 | 11446808.00 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.